# മലയാള മനോരമ

# ശതാബ്ദി സെമിനാർ

## (24-3-1988)

## മലയാളപത്രപ്രവർത്തനത്തിന്റെ പുരോഗതിക്കു

## മലയാള മനോരമയുടെ സംഭാവനകൾ

എൻ. വി. കൃഷ്ണവാര്യർ

# മലയാള പത്രപ്രവർത്തനത്തിന്റെ പുരോഗതിക്ക് മലയാള മനോരമയുടെ സംഭാവനകൾ

## എൻ. വി. കൃഷ്ണവാരിയർ

മലയാളത്തിൽ പത്രപ്രവർത്തനത്തിന്റെ പുരോഗതിക്ക് മലയാള മനോരമ നൽകിയ സംഭാവനകളാണല്ലോ ഈ പരിചർച്ചയുടെ വിഷയം. പേരു് അല്പമൊന്നു ഭേദപ്പെടുത്തി, "മലയാള പത്രപ്രവർത്തനത്തിന്റെ ഇന്നോളമുള്ള പുരോഗതി" എന്നു് ആക്കിയാലും, പരിചർച്ചയുടെ സ്വഭാവത്തിൽ വലിയ വ്യത്യാസമൊന്നും വരാൻ ഇടയില്ല. കാരണം, ഇക്കഴിഞ്ഞ നൂറു വർഷങ്ങളിൽ മലയാള പത്ര പ്രവർത്തനത്തിനു് വിവിധ രംഗങ്ങളിൽ കൈവന്ന പുരോഗതിയിൽ മലയാള മനോരമ പൂർണ്ണമായും പങ്കാളിയായിട്ടുണ്ടു്; പുരോഗതിയുടെ ഒട്ടേറെ രംഗങ്ങളിൽ നിർണ്ണായകമായ നേതൃത്വം വഹിച്ചതു് മലയാള മനോരമയാണു് താനും. അതിനാൽ മലയാള പത്രപ്രവർത്തനത്തിന്റെ പുരോഗതിയും മലയാള മനോരമയുടെ പുരോഗതിയും ഒരേ പ്രതിഭാസത്തിന്റെ വ്യത്യസ്ത വീക്ഷണങ്ങൾ മാത്രമാകുന്നു ഇതിനെപ്പററി പറയുമ്പോൾ നാം മറേറതിനെപ്പററിയും പറയാൻ നിർബദ്ധരായിത്തീരുന്നു.

### പൂർവഗാമികൾ

മലയാളത്തിലെ ആദ്യത്തെ ആനുകാലികമെന്നു് ഗണിക്കപ്പെട്ടു വരുന്ന "രാജ്യസമാചാരം" എന്ന മാസിക ബാസൽ മിഷൻ പ്രവർത്തകർ തലശ്ശേരി ഇല്ലിക്കുന്നിൽ നിന്നു് കല്ലച്ചിൽ പകർത്തി പ്രസിദ്ധീകരിക്കാൻ തുടങ്ങിയതു് 1847-ൽ ആയിരുന്നു. ക്രിസ്തുമത പ്രചാരണമല്ലാതെ, വാർത്തകൾ പ്രചരിക്കുക "രാജ്യസമാചാര"ത്തിന്റെ ലക്ഷ്യമായിരുന്നില്ല. "രാജ്യ"മെന്നതുകൊണ്ടു് മാസികാ പ്രവർത്തകർ ഉദ്ദേശിച്ചതു് സ്വർഗരാജ്യം ആയിരുന്നു.

"രാജ്യസമാചാര"ത്തിന്റെ ആദ്യത്തെ ലക്കം പ്രസിദ്ധീകരിച്ചതിനുശേഷം നാല്പത്തി രണ്ടു വർഷവും ഒമ്പതു മാസവും കഴിഞ്ഞു്, 1890 മാർച്ച് 22-ാം തീയതിയാണു് "മലയാള മനോരമ"യുടെ ഒന്നാം ലക്കം വായനക്കാരുടെ കൈകളിൽ വന്നു ചേർന്നതു്. ഈ കാലഘട്ടത്തിനിടയിൽ മാസികകളായും വാർഷി

കങ്ങളായും പത്തു ദിവസത്തിൽ ഒന്നു വീതമുള്ളവയായും വാരികകളായും പതിനഞ്ചോളം ആനുകാലികങ്ങൾ കേരളത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു, ഇവയിൽ പലതും അല്പായുസ്സുകളായിരുന്നു, എന്നതിൽ ആശ്ചര്യപ്പെടാനില്ല. മലയാള മനോരമ പ്രസിദ്ധീകരിക്കാൻ തുടങ്ങിയ 1890-ൽ മൂന്നു വാരികകളും രണ്ടു ദശ ദൈനികങ്ങളും, മൂന്നു വാർഷികങ്ങളും നാലു മാസികകളും അടക്കം പന്ത്രണ്ട് ആനുകാലികങ്ങൾ കേരളത്തിൽ നിലവിലിരുന്നതായി മലയാള മനോരമയുടെ ആദ്യ ലക്കത്തിലെ പ്രസ്താവനയിൽ പറയുന്നുണ്ട്. ഇവയിൽ, രണ്ടു വാർഷികങ്ങളും ഒരു മാസികയും മാത്രമായിരുന്നു തിരുവിതാംകൂർ സ്റ്റേററിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്നതു്. ഇവ മൂന്നും മൂന്നു വ്യത്യസ്ത മത സ്ഥാപനങ്ങളുടെ വകയായിരുന്നു. ഈ പശ്ചാത്തലത്തിലാണ്, ഒരു ''പൊതു വർത്തമാനപത്രം'' ആയി മലയാള മനോരമ രംഗത്തെത്തിയതു്. മനോരമ പ്രസിദ്ധീകരിച്ചു തുടങ്ങിയ കാലത്തു നിലവിലിരുന്ന പന്ത്രണ്ട് ആനുകാലികങ്ങളിൽ നാലെണ്ണം അതേ വർഷത്തിൽ പ്രസിദ്ധീകരണം ആരംഭിച്ചവയായിരുന്നു. മലയാള മനോരമയുടെ ആവിർഭാവത്തിനു മുമ്പ് പ്രചരിച്ചിരുന്ന മലയാളത്തിലെ ആനുകാലികങ്ങൾക്കു് പത്രപ്രവർത്തന ചരിത്രത്തിൽ പല വ്യത്യസ്ത കാരണങ്ങളാൽ പ്രാധാന്യമുണ്ടെന്നതിനു സംശയമില്ല. എന്നാൽ, പത്രത്തെ സംബന്ധിച്ചു നമ്മുടെ ഇന്നത്തെ ധാരണകളോട് ഒട്ട് അടുത്തെങ്കിലും വന്നിരുന്നവ, അക്കൂട്ടത്തിൽ ഏറെയൊന്നും ഉണ്ടായിരുന്നില്ല. ചുരുക്കത്തിൽ, മലയാള മനോരമയുടെ ആവിർഭാവത്തിനു മുമ്പുള്ള അരനൂററാണ്ടു കാലത്തെ, കേരള പത്രപ്രവർത്തന ചരിത്രത്തിലെ പ്രാക് ചരിത്ര കാലഘട്ടം എന്ന് വിശേഷിപ്പിക്കുന്നതു് വളരെയൊന്നും അനുചിതമായിരിക്കുകയില്ല.

## പത്രത്തിൻെറ നാലു ഘടകങ്ങൾ

ഏതെങ്കിലുമൊരു ഭാഷയിൽ എഴുതപ്പെട്ട ഏതെങ്കിലും ചില വിവരങ്ങൾ വായനക്കാർക്കെത്തിക്കാൻ പാകത്തിൽ കടലാസ്സിൽ അച്ചടിച്ചു തയ്യാറാക്കിയ ഒരു വില്പനച്ചരക്ക് ആണല്ലോ പത്രം. ഭാഷ, ഉള്ളടക്കം, യന്ത്രസംവിധാനങ്ങളുപയോഗിച്ചു വില്പനക്കു തയ്യാറാക്കുന്ന അച്ചടിച്ച കടലാസ്സുകൾ എന്നിങ്ങനെ മൂന്നു ഘടകങ്ങൾ പത്രത്തിൽ അടങ്ങിയിരിക്കുന്നു എന്ന് മേൽചേർത്ത നിർവചനത്തിൽ നിന്ന് വ്യക്തമാകുന്നു. പത്ര പ്രവർത്തനത്തിൻെറ പുരോഗതിയെപ്പററി ചർച്ച ചെയ്യുമ്പോൾ നാം പരിഗണിക്കേണ്ടതു് ഭാഷയുടെ പുരോഗതി, ഉള്ളടക്കത്തിൻെറ പുരോഗതി, പത്രം തയ്യാറാക്കുന്ന യാന്ത്രിക-ഭൗതിക-പ്രക്രിയകളുടെ പുരോഗതി എന്നിവയെയാണ് ഇതോടൊപ്പം, പത്രപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിലും അവർക്കു പ്രവർത്തന സൗകര്യങ്ങൾ നൽകുന്നതിലും വന്നുചേർന്ന പുരോഗതിയെക്കൂടി ഉൾപ്പെടുത്തിയാൽ, പത്രപ്രവർത്തന പുരോഗതിയെക്കുറിച്ചുള്ള ചർച്ച ഏറെക്കുറെ സമഗ്രമായി എന്നു പറയാം.

## ഭാഷാപുരോഗതി

''യശോധനൻ'' എന്ന് അന്വർഥമാം വിധം ഉള്ളൂർ വിശേഷിപ്പിച്ച കണ്ടത്തിൽ വറുഗീസ് മാപ്പിള പത്രപ്രവർത്തനം ജീവിത ചര്യയായി അംഗീകരിച്ചതു് മലയാള ഭാഷയോടും മലയാള സാഹിത്യത്തോടും അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹം ഒന്നുകൊണ്ടു മാത്രമായിരുന്നു. സമ്പന്നമായ ഒരു കുടുംബത്തിൽ പിറന്ന് എഫ്. എ. വരെ പഠിച്ച അദ്ദേഹം തനിക്കു പാരമ്പര്യമായി ലഭിക്കുമായിരുന്ന സർക്കാർ ജോലി ഉപേക്ഷിച്ച് കൊച്ചിയിൽ ചെന്ന് ദേവജി ഭീമജിയെക്കൊണ്ട് ഒരു വാരിക തുടങ്ങിച്ച് അതിൻെറ ആധിപത്യം കൈയേററതിന് വേറെ വിശദീകരണം ഒന്നുമില്ല. രണ്ടു വർഷം നീണ്ടുനിന്ന ഈ പത്രാധിപത്യം, പത്രപ്രവർത്തനകലയിൽ അദ്ദേഹത്തിനു വേണ്ടത്ര പ്രായോഗിക പരിചയം നൽകുകയും, മലയാളത്തിലെ പ്രസിദ്ധരായ സാഹിത്യകാരന്മാരുടെ സൗഹാർദ്ദം അദ്ദേഹത്തിനു സമ്പാദിച്ചു കൊടുക്കുകയും ചെയ്തു. ഏഴു വർഷം കഴിഞ്ഞ് മലയാള മനോരമ കമ്പനി സ്ഥാപിക്കാനും, അതിൻെറ ഉടമയിൽ മലയാള മനോരമ പത്രം പ്രസിദ്ധീകരാക്കാനും ഈ മൂലധനം പത്രപ്രവർത്തനപരിചയവും സാഹിത്യകാരന്മാരുടെ സൗഹാർദ്ദവും അദ്ദേഹത്തിന് പ്രയോജനപ്പെട്ടു.

പത്രപ്രവർത്തനത്തിലൂടെ ഭാഷാസേവനം നടത്തുന്നതിനെപ്പററി തനിക്കുണ്ടായിരുന്ന വ്യക്തമായ ധാരണകൾ മലയാള മനോരമയുടെ രണ്ടാമത്തെ ലക്കത്തിൽ വറുഗീസ് മാപ്പിള ഇങ്ങിനെ രേഖപ്പെടുത്തിയിട്ടുണ്ട്.

''...ഭാഷാപരിഷ്കാരത്തിന്ന് വർത്തമാന പത്രങ്ങളെപ്പോലെ സഫലമായി മറെറാന്നും ഉപയോഗപ്പെടുന്നില്ല. നല്ലവണ്ണം ആലോചിക്കുന്നവർ, ഭാഷാ പരിഷ്കാരത്തിനു വർത്തമാനപ്പത്രങ്ങൾ മാത്രമേ ഉപയോഗപ്പെടുന്നുള്ളു എന്നും പറഞ്ഞു പോകുമെന്നു തോന്നുന്നു....പുസ്തകങ്ങൾ വലിപ്പംകൊണ്ടും, ഒററഒററയായതി

നാലും, വിലയുടെ കൂടുതൽ നിമിത്തവും, പ്രായേണ ഓരോ പ്രത്യേക സമുദായങ്ങളെ മാത്രം സംബന്ധിക്കുന്ന പ്രകൃതങ്ങൾ പ്രതിപാദിക്കുന്നവയാകയാലും എല്ലാ ദിക്കിലും ചെന്നെത്തുന്നതു പ്രയാസം. വർത്തമാനപത്രങ്ങൾ അല്പവിലയുള്ളതും, പലപ്പോഴും വിലകൂടാതെയും, പലരുടെ കൈകളിലും ചെന്ന് അകപ്പെടുന്നതു കൊണ്ടും വിസ്താരക്കുറവുകൊണ്ടും, വായിക്കാതെ വിടുന്നവർ ചുരുക്കമെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ മംഗലാപുരത്തെ ക്രിസ്ത്യാനികളുടെ മലയാളവും അഭിപ്രായങ്ങളും, തിരുവനന്തപുരത്തെ ഹിന്ദുക്കളിലും, മറിച്ചും, വ്യാപരിക്കുന്നതിനാൽ മലയാള ഭാഷയ്ക്കു പ്രത്യേകം പരിഷ്കാരത്തിന്റെ ആരംഭം മാത്രമായിരിക്കുന്ന ഇക്കാലത്ത്, ദിക്കുകളുടെയും സമുദായങ്ങളുടേയും അകലവും ഭേദവും മററും കൊണ്ടുള്ള ഗ്രാമ്യാദി ദോഷങ്ങൾ തീർന്ന് എല്ലാവരാലും ആദരിക്കപ്പെടുവാൻ തക്കതായ ഒരു ഉത്തമഭാഷ സ്ഥിരപ്പെടുത്തുന്നതിന് വർത്തമാനപത്രങ്ങളുടെ പ്രചാരത്താലല്ലാതെ മറെറാന്നുകൊണ്ടും കഴിയുന്നതല്ല''. (സംസ്കാരതരംഗിണി, പേജ് 202. 203).

അനല്പിഖിത പൂർവ്വങ്ങളായ വിഷയങ്ങളുടെ പ്രതിപാദനത്തിന്ന് ഉപയോഗിക്കുക വഴി ഭാഷയ്ക്ക് വ്യാപ്തിയും ആവിഷ്കരണശേഷിയും വർദ്ധിപ്പിക്കുക, ഐകരൂപ്യം ഉളവാക്കുന്നതു വഴി ഭാഷയെ മാനകീകരിക്കുക (standardise), ഗ്രാമ്യാദി ദോഷങ്ങൾ പരിഹരിക്കുന്നതു വഴി ഭാഷയെ സംസ്കരിക്കുക-ചുരുക്കത്തിൽ ഭാഷയെ ആധുനീകരിക്കുക — എന്ന ലക്ഷ്യമാണ്, അസാധാരണമായ വീക്ഷണ വൈദഗ്ദ്ധ്യത്തോടെ ഈ ഉദ്ധാരണത്തിൽ ശ്രീ. വറുഗീസു മാപ്പിള പത്രപ്രവർത്തനത്തിന നിർദ്ദേശിച്ചിട്ടുള്ളത്.

ആശയനിവേദനം എന്ന ഭാഷയുടെ ധർമ്മത്തിലെന്നപോലെ, ആഹ്ളാദപ്രദാനം എന്ന സാഹിത്യത്തിന്റെ ധർമ്മത്തിലും വറുഗീസ് മാപ്പിള ദത്തപ്രധാനനായിരുന്നു. ''മലയാള ഭാഷയുടെ അഭിവൃദ്ധിക്കായി തങ്ങളുടെ വാസനാ വൈഭവത്തെ സരസമായി ഉപയോഗപ്പെടുത്തുന്ന കവികൾ, അവിഹിതമല്ലാത്ത ഏതെങ്കിലും പ്രകൃതത്തെക്കുറിച്ച് ഉണ്ടാക്കി അയയ്ക്കുന്ന ഒററശ്ലോകങ്ങളും മററും, സമസ്യകൾ മുതലായവയും, അപ്പോഴപ്പോൾ നോക്കി യുക്തംപോലെ പ്രസിദ്ധപ്പെടുത്തുന്നതിന്നായി ഒരു പ്രത്യേക പംക്തി തന്നെ'' തുടക്കം മുതൽ മലയാള മനോരമയിൽ അതിന്റെ പത്രാധിപർ നീക്കി വെച്ചിരുന്നു. മലയാളത്തിലെ കാവ്യഭാഷയെ സമഗ്രമായി നവീകരിച്ച വെണ്മണി പ്രസ്ഥാനത്തിന് അഖിലകേരള വ്യാപ്തി നൽകിയത് മലയാള മനോരമയുടെ ഈ പംക്തിയായിരുന്നു. ''അവിഹിതമല്ലാത്ത പ്രകൃത''ത്തെക്കുറിച്ചുള്ള പത്രാധിപരുടെ നിഷ്കർഷ, വെണ്മണി പ്രസ്ഥാനത്തിന്റെ ദൗർബലതയായിരുന്ന അശ്ലീല-ഗ്രാമ്യ-പ്രയോഗങ്ങളെ കാവ്യമാതൃകകളിൽനിന്ന് അകററിനിർത്തുന്നതിന്ന് യഥാസമയം ഉപകരിക്കുകയും ചെയ്തു.

മലയാളഭാഷയുടെ അതിരുകൾ വികസിപ്പിക്കുന്നതിന്നും, ആവിഷ്കരണശേഷി വർദ്ധിപ്പിക്കുന്നതിനും, ഭാഷയെ സരളമാക്കുന്നതിന്നും, മാനകീകരിക്കുന്നതിന്നും, സാഹിത്യത്തിന്റെ ഗദ്യ-പദ്യ-വിഭാഗങ്ങളെ പ്രസിദ്ധീകരണത്തിലൂടെയും ലേഖക-പ്രോത്സാഹനത്തിലൂടെയും പോഷിപ്പിക്കുന്നതിന്നും, ഇക്കഴിഞ്ഞ നൂറു വർഷങ്ങളിൽ മലയാള മനോരമ എങ്ങിനെ സ്ഥിരമായും, ശക്തമായും, ഫലപ്രദമായും പ്രവർത്തിച്ചു പോന്നു എന്ന് ചുരുങ്ങിയ സമയത്തിന്നുള്ളിൽ വിവരിക്കുക പ്രയാസമാണ്. ഒന്നു മാത്രം പറയാം. മലയാള മനോരമയുടെ സ്ഥാപകന്റെയും, അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരുടെയും ശ്രദ്ധ മലയാള ഭാഷാപോഷണത്തിൽ അനസ്യൂതമായും സമഗ്രമായും എന്നും ഊന്നിനിന്നിരുന്നു.

## ഉള്ളടക്കത്തിലെ പുരോഗതി

പത്രത്തിന്റെ പ്രഥമലക്ഷ്യം വാർത്താവിതരണമാണെന്ന വസ്തുത വറുഗീസ് മാപ്പിള മനസ്സിലാക്കിയിരുന്നു. ''ഒരു മനുഷ്യന്റെ ബുദ്ധികൊണ്ടോ സാമർത്ഥ്യംകൊണ്ടോ, തന്റെയോ താൻ ഉൾപ്പെട്ടിരിക്കുന്ന സമുദായത്തിന്റെയോ സുഖത്തിനുവേണ്ടി എന്തെങ്കിലും നൂതനമായ ഒരു കാര്യം ഒരു ദിക്കിൽ നടന്നാൽ, അതു് ഇതര ജനസമുദായങ്ങളിലും വാസ്തവ പ്രകാരം അറിവു കിട്ടുകയും, അങ്ങനെ അവർക്കും അതു് അനുഭവിക്കാൻ ഇടയാവുകയും ചെയ്യുന്നതിന വർത്തമാന പത്രങ്ങളേപ്പോലെ ഉപയോഗപ്പെടുന്നതു് മറെറാന്നും ഇല്ല...പത്രങ്ങൾ ലോകം മുഴുവനിലുമുള്ള അവസ്ഥകളെ അതാതിന്റെ വാസ്തവത്തിലുള്ള യോഗ്യതകളോടു കൂടിയും ഗുണദോഷങ്ങളെ വേർതിരിച്ചു. പ്രസംഗിച്ചു മനസ്സിലാക്കുന്നതിനാൽ ജനങ്ങൾക്കു ഗ്രഹിക്കുന്നതിന്നു വളരെ എളുപ്പമുള്ളതു കൂടാതെ, നല്ല ധാന്യങ്ങളോടുകൂടി നിരന്തരമായി ഉണ്ടായിരിക്കുന്ന പംക്തികളെ തിരിച്ചറിഞ്ഞു വർജിക്കുന്നതിന്നുള്ള അറിവു കൊടുക്കുകയും ചെയ്യുന്നു'' എന്ന് മലയാള മനോരയുടെ രണ്ടാം ലക്കത്തിൽ പ്ര

സ്ഥാപിച്ചപ്പോൾ വറുഗീസ് മാപ്പിള വാർത്താവിതരണത്തോടൊപ്പം വാർത്താ വിമർശനത്തിലും ഊന്നൽ കൊടുത്തു; സമൂഹപുരോഗതിയെന്ന പത്രപ്രവർത്തനത്തിന്റെ പാര്യന്തിക ലക്ഷ്യത്തെ വ്യക്തമായി ചിത്രീകരിക്കുകയും ചെയ്തു. ''അനീതി സംഹാരത്തിനു പുതുതായി കിട്ടിയിരിക്കുന്ന ഈ ആയുധം'' എന്നു അദ്ദേഹം പത്രത്തെ വിശേഷിപ്പിക്കുന്നുമുണ്ട്. മലയാള മനോരമയുടെ ഒന്നാം ലക്കത്തിലെ മുഖപ്രസംഗം പുലയരുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ വിവരിക്കുന്നതായിരുന്നു എന്ന വസ്തുത തന്നെ സമൂഹ പുരോഗതിയിൽ സ്ഥാപകപത്രാധിപർക്കുണ്ടായിരുന്ന താല്പര്യത്തിനു് ഉദാഹരണമാണു്. സമൂഹത്തെ പുരോഗമിപ്പിക്കുന്നതിനും അനീതിയെ സംഹരിക്കുന്നതിനും മലയാള മനോരമ ഇക്കഴിഞ്ഞ ഒരു നൂററാണ്ടിൽ എന്തെല്ലാം പ്രവർത്തിച്ചുവെന്നും, ഈ പ്രവർത്തനത്തിന്റെ ഫലമായി എന്തെല്ലാം യാതനകൾ ആ പത്രത്തിന്റെ പ്രവർത്തകർക്കു് അനുഭവിക്കേണ്ടിവന്നുവെന്നും എല്ലാവർക്കും അറിവുള്ളതാണല്ലോ.

മുമ്പ് ഉദ്ധരിച്ച ഖണ്ഡികയിൽ ''വാർത്ത''യ്ക്കു് വിശാലമായ ഒരു നിർവചനമാണ് വറുഗീസ് മാപ്പിള നൽകിയിട്ടുള്ളതു്. ''ഒരു മനുഷ്യന്റെ ബുദ്ധികൊണ്ടോ, സാമർത്ഥ്യംകൊണ്ടോ, തന്റെയോ താനുൾപ്പെട്ട സമുദായത്തിന്റെയോ സുഖത്തിനുവേണ്ടി, സംഭവിച്ച നൂതനമായ കാര്യം'' എന്നുള്ള നിർവചനം, വൃത്താന്തപത്രത്തിന്റെ ഉള്ളടക്കം എന്തായിരിക്കണം എന്നതു സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ധാരണ വ്യക്തമാക്കുന്നു. യാഥാർത്ഥ്യം, നവീനത, സാമൂഹ്യ പ്രാധാന്യം എന്ന വാർത്തയുടെ മൂന്നു മുഖ്യഘടകങ്ങളും ആധാരണയിൽ അടങ്ങിയിട്ടുണ്ട്. ചുരുക്കത്തിൽ വായനക്കാരുടെ താൽപര്യത്തെ ഉദ്ദീപിപ്പിക്കയും, സാമൂഹ്യപുരോഗതിക്കു് പ്രയോജകീഭവിക്കുകയും ചെയ്യുന്ന എന്തും വൃത്താന്തപത്രത്തിന്റെ ഉള്ളടക്കത്തിൽ ഉൾപ്പെടുന്നു എന്നു അദ്ദേഹം കരുതി. 1890 മാർച്ച് 22-ാം തീയതിയിലെ മലയാള മനോരമയും 1988 മാർച്ച് 24-ാം തീയതിയിലെ ''മലയാള മനോരമ''യും തമ്മിൽ താരതമ്യപ്പെടുത്തുന്ന ഒരാൾക്കു് മലയാള പത്രങ്ങളുടെ ഉള്ളടക്കത്തിന്റെ അളവിലും ഗുണമേന്മയിലും വന്നുചേർന്ന അസാധാരണമായ വികാസത്തെപ്പററി അദ്ഭുതപരതന്ത്രനാകാതിരിക്കുക സാദ്ധ്യമല്ല. ഉള്ളടക്കത്തിന്റെ ഈ പുരോഗതിയിൽ മലയാള മനോരമയുടെ പങ്ക് എത്രഎന്നു നിർണ്ണയിക്കുക പ്രയാസമാണ്: കാരണം, ലോകവ്യാപകമായുള്ള ഒരു പ്രതിഭാസത്തിന്റെ പ്രാദേശികമായ പ്രതിഫലനമാണ് ഇവിടെ നാം കണുന്നതു്.



## യാന്ത്രിക—ഭൗതിക—പുരോഗതി

പത്രം എന്ന വില്പനച്ചരക്കു് തയ്യാറാക്കുന്ന പ്രക്രിയയിൽ അടുത്തകാലത്തായി വന്നിട്ടുള്ളതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ യാന്ത്രിക - ഭൗതിക - പുരോഗതി വിവരിക്കുന്നതും എളുപ്പമുള്ള കാര്യമല്ല. ഈയംകൊണ്ടുള്ള ആണിയച്ചുകൾ (ടൈപ്പുകൾ) കൈകൊണ്ടുതൊടാതെ മാററർ കമ്പോസ് ചെയ്യാനും, പേനയുപയോഗിക്കാതെ പ്രൂഫ് തിരുത്താനും, പത്രത്തിന്റെ പേജുകളുടെ പ്രതിഛായ ടെലിഫോൺ കമ്പിയിലൂടെ ഒരു ഉൽപാദന കേന്ദ്രത്തിൽനിന്നു് മറെറാരു ഉൽപാദനകേന്ദ്രത്തിലേക്കു് അയയ്ക്കാനും, എല്ലാ ഇന്നു് സാദ്ധ്യമായിട്ടുണ്ട്.. അച്ചടിച്ചു് തീരാനും മണിക്കൂറുകൾക്കകം, കേരളത്തിന്റെ ഏതു കോണിലുമുള്ള ഏതുവീട്ടിലും പത്രം എത്തിക്കുന്നതിനുമുള്ള കാര്യക്ഷമമായ വിതരണസംവിധാനവും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ഇതോടൊപ്പം, കോടിക്കണക്കിനു രൂപ കൈകാര്യം ചെയ്യുന്ന വലിയ വ്യാപാര സ്ഥാപനങ്ങളായി പത്രമാഫീസുകൾ മാറിയിട്ടുണ്ട്. ഈ യാന്ത്രിക - ഭൗതിക-സാമ്പത്തിക-വാണിജ്യ വിപ്ലവത്തിന്റെ ഗുണഭോക്താക്കൾ മാത്രമല്ല, കേരളത്തിൽ പല അംഗങ്ങളിലും പ്രഥമപ്രയോക്താക്കൾ കൂടിയാണു് മലയാള മനോരമ പ്രവത്തകർ, അച്ചടിയുടെ സാങ്കേതിക പരിഷ്ക്കരണത്തിൽ വറുഗീസ് മാപ്പിളയ്ക്കുണ്ടായിരുന്ന ഉദ്ബുദ്ധമായ താൽപര്യം അദ്ദേഹത്തിന്റെ പിന്തുറക്കാർ ഇന്നോളം നിലനിർത്തിപ്പോന്നിട്ടുള്ളതു് സന്തോഷകരമായ ഒര വസ്തുതയാകുന്നു.

## പത്രപ്രവർത്തകരുടെ പുരോഗതി

പല വ്യക്തികളുടെ, പല നിലവാരങ്ങളിലേക്കുള്ള ധൈഷണ് കലാപാരങ്ങളുടെ സമുചിത ഫലമാണ് ഒരു പത്രം. പ്രാദേശിക ലേഖകർ തൊട്ട് മുഖ്യ പത്രാധിപർ വരെ, പല തലങ്ങളിൽ പ്രവർത്തിക്കുന്നവർ പരസ്പരം സഹകരിച്ച് ഒത്തിണങ്ങി പ്രവർത്തിച്ചാൽ മാത്രമേ, അച്ചടി യന്ത്രത്തിൽ നിന്നു പുറത്തു വരുന്ന പത്രം വായിക്കാൻ കൊള്ളാവുന്നതായിരിക്കുകയുള്ളു. വ്യത്യസ്ത തലങ്ങളിൽ ഉള്ള പത്ര പ്രവർത്തകർക്കു്, ജന്മജാതമായ പ്രതിഭയോടൊപ്പം, നിപുണമായ പരിശീലനവും ഇന്നു് അനുപേക്ഷണീയമാണ്. വൈദ്യം, അധ്യാപനം, എൻജിനീയറിങ്ങ് മുതലായവ പോലെ വൈദഗദ്ധ്യം ആവശ്യമുള്ള ഒരു തൊഴിൽ (പ്രൊഫെഷൻ) ആണ് പത്ര പ്രവർത്തനവും. ബുദ്ധിശാലികളും, അഭ്യസ്ത വിദ്യരുമായ യുവജനങ്ങളെ തിരഞ്ഞെടുത്തു് സാങ്കേതി

കം പരിശീലനം നൽകി വിദഗ്ധ പത്ര പ്രവർത്തകരാക്കി വളർത്തുന്നതിന് മിക്ക വലിയ പത്രങ്ങളിലും ഇന്ന് വിപുലമായ ഏർപ്പാടുകൾ ഉണ്ട്. കേരളത്തിൽ പത്ര പ്രവർത്തക പരിശീലന രംഗത്തിൽ മലയാള മനോരമ നിർവ്വഹിച്ച മാർഗ ദർശകമായ സേവനവും വിശദമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാകുന്നു.

"പത്ര പ്രവർത്തനത്തിന്റെ പുരോഗതി'' എന്ന് സാമാന്യമായി പറയുമ്പോൾ, അതിൽ ഉൾപ്പെടുത്തേണ്ട നാലു മുഖ്യ കാര്യങ്ങളെപ്പററി പൊതുവെ പ്രസ്താവിക്കുക മാത്രമാണ് ഇവിടെ ചെയ്തത്. ഇനിയങ്ങോട്ട് ഇവിടെ നടക്കുന്ന വിദഗ്ധ ചർച്ചകൾ ഈ വിഷയങ്ങളിലേക്ക് വേണ്ടത്ര വെളിച്ചം പ്രസരിപ്പിക്കുമെന്ന് ആശിക്കുന്നു.

കേരളത്തിലെ മഹത്തായ ഒരു സാംസ്കാരിക സ്ഥാപനമാണ് മലയാള മനോരമ. ഇന്ത്യയിലെ ദിനപത്രങ്ങളിൽ ഏററവുമധികം പ്രചാരമുള്ളത് മലയാള മനോരമയ്ക്കാകുന്നു അതിനാൽ, ഭാരതഭൂമിയിലെ തന്നെ ഏററവും പ്രധാനമായ ഒരു സാംസ്കാരിക സ്ഥാപനം എന്ന്, അതിശയോക്തി സ്പർശം കൂടാതെ, മലയാളമനോരമയേ വിശേഷിപ്പിക്കാം. ജനങ്ങളെ ബോധവൽക്കരിക്കുന്നതിൽ, ഏതൊരു സർവകലാശാലയും നിർവഹിക്കുന്നതിലേറെ സേവനം നല്ല നിലയിൽ നടത്തുന്ന ഒരു പത്രം നിർവഹിക്കുന്നുണ്ട്. നൂറു വർഷം നീണ്ടുനിന്ന സേവനത്തിലൂടെ മലയാള മനോരമ നമ്മുടെയെല്ലാം സാംസ്കാരിക പൈതൃകത്തിലേക്ക് അദ്വിതീയമായ സംഭാവന ഇതിനകം നൽകിയിരിക്കുന്നു. ഈ സംഭാവന, ഭാവിയിലെ മാറി വരുന്ന പരിസ്ഥിതികളിൽ കൂടുതൽ വ്യാപകമായും പ്രഭാവപൂർണ്ണമായും, ഇനിയുമെത്രയോ കാലം തുടരാനിടയാകട്ടേ എന്ന് പ്രാർത്ഥിക്കുക മാത്രമേ ഞാൻ ഇനി ചെയ്യേണ്ടതായിട്ടുള്ളു

മലയാള മനോരമയുടെ സ്ഥാപകനായ പത്രാധിപ പരമാരാധ്യനും, അർപ്പിതാത്മാക്കളായ അദ്ദേഹത്തിന്റെ പിൻഗാമികൾക്കും, ഒരു മലയാള പത്ര പ്രവർത്തകൻ എന്ന നിലയിൽ എന്റെ സാദരപ്രണാമങ്ങൾ!

കോഴിക്കോട്,
20-3-1988.

Akkara Prints & Packs, Kottayam, Phone: 5237